"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- മിഷൻ അന്ത്യോദയ സർവ്വേ (2019-20 റൗണ്ട്) നടത്തിപ്പിന് ചിലവായ തുക MGNREGS -ന് ഭരണ ചെലവ് ഇനത്തിൽ ലഭ്യമായ തുകയിൽ നിന്നും നൽകാൻ അനുമതി - 22.01.2019 തീയതിയിലെ സ.ഉ.(സാധാ)നം.116/2019/ത.സ്വ.ഭ.വ.-ൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.2829/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/12/2019

---

പരാമർശം:- 1 27.03.2017-ലെ സ.ഉ.(സാധാ) നം.172/2017/ആ.സ.വ.

2 19.09.2018-ലെ സ.ഉ.(സാധാ)നം.2462/2018/ത.സ്വ.ഭ.വ.

3 22.01.2019-ലെ സ.ഉ.(സാധാ)നം.116/2019/ത.സ്വ.ഭ.വ

4 26.02.2019-ലെ സ.ഉ.(സാധാ)നം.427/2019/ത.സ്വ.ഭ.വ

5 24.10.2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.1 നമ്പർ തീരുമാനം.

## ഉത്തരവ്

മിഷൻ അന്ത്യോദയ സർവ്വേ, ഇക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഫീൽഡ് ഓഫീസർമാരുടെ സേവനം ഉപയോഗിച്ച് നടത്തുന്നതുമായി ബന്ധപ്പെട്ട് പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദേശങ്ങളിൽ, സർവ്വേയ്ക്ക് വേണ്ടുന്ന ചിലവുകൾ DAY-NRLM -ന്റെ ഭരണചിലവിൽ നിന്നും വഹിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ, കേരളത്തിലെ മിഷൻ അന്ത്യോദയ സർവേ (2019-20 റൗണ്ട്) നടത്തിപ്പിന്, ഉദ്യോഗസ്ഥർക്കുള്ള ഓണറേറിയം ഉൾപ്പടെ ചിലവായ 11,44,200/- രൂപ നൽകുന്നത് സംബന്ധിച്ച വിഷയം 24.10.2019-ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചപ്പോൾ, ടി തുക MGNREGS -ന്റെ ഭരണ ചെലവ് ഇനത്തിൽ ലഭ്യമായ തുകയിൽ നിന്നും നൽകാൻ പരാമർശം (5) പ്രകാരം അനുമതി നൽകുകയുണ്ടായി.

2) ഈ സാഹചര്യത്തിൽ മിഷൻ അന്ത്യോദയ സർവേ (2019-20 റൗണ്ട്) നടത്തിപ്പിന് ചിലവായ 11,44,200/- രൂപ (പതിനൊന്ന് ലക്ഷത്തി നാൽപ്പത്തിനാലായരത്തി ഇരുനൂറ് രൂപ മാത്രം) MGNREGS -ന്റെ ഭരണ ചെലവ് ഇനത്തിൽ ലഭ്യമായ തുകയിൽ നിന്നും നൽകാൻ അനുമതി നൽകികൊണ്ട് പരാമർശം (3) ഉത്തരവിലെ ഖണ്ഡിക (8) ഭേദഗതി വരുത്തി ഉത്തരവാകുന്നു.

4). മേൽ ഭേദഗതിയോടെ പരാമർശം (3) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു കട്ടന്.എം.എസ്
അഡീഷണല് സെക്രട്ടറി

പകർപ്പ്:- ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ, സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ, കില, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ (ഐ&പിആർഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2019.[illegible] 17:04:07 IST
Reason: Approved

സെക്ഷൻ ഓഫീസർ